DESPATCHED
On. 24/5/22.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No.2044 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 17433/SIC-G4/2021)**
**സന്നിഹിതൻ**

ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മേയ് 19

| | |
|---|---|
| ശ്രീ. പി.ജെ. ആന്റണി,<br>എക്സിക്യൂട്ടീവ് എഡിറ്റർ,<br>ജീവൻ ടി.വി., ആമ്പക്കാട്ട് മൂല,<br>മന്നിയങ്കര റോഡ്, തൃശ്ശൂർ- 680 012. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,<br>കൃഷി ഓഫീസർ, ചേർപ്പ് കൃഷി ഭവൻ,<br>ചേർപ്പ് പി.ഒ., തൃശ്ശൂർ – 680 561.<br><br>3. അപ്പീൽ അധികാരി &<br>കൃഷി അസി. ഡയറക്ടർ,<br>ചേർപ്പ്, പാലയ്ക്കൽ,<br>പാലിശ്ശേരി പി.ഒ., തൃശ്ശൂർ – 680 027. | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 16.3.2022-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷയിലെ 3, 12 എന്നീ ഇനങ്ങൾക്ക് മറുപടി നൽകാതെ പാടശേഖര കമ്മിറ്റിയിൽ നിന്നും വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണെന്ന് മറുപടി നൽകിയതിലും, 30.3.2016-ലെ 69503/സിഡി.എൻ5/ 2015/ജി.എ.ഡി. നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കാതെ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്താതെ മറുപടി നൽകിയതിലും പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയുടെ വിശദീകരണം കമ്മീഷൻ തേടിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷിയായ ശ്രീമതി മാലിനി സി.ഡി. ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കമ്മീഷൻ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും യഥാവിധി ശ്രദ്ധിക്കുമെന്ന് സത്യപ്രസ്താവന ചെയ്യുന്നുവെന്നും, നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം, കാലാവധി പൊതു വിവരാവകാശ അധികാരിയുടെ പദവി എന്നിവ വ്യക്തമാക്കാതിരുന്നത്

RIGHT TO INFORMATION

shi

മന:പൂർവ്വമല്ലാത്ത വീഴ്ചയാണെന്നും മേലിൽ ഇത്തരം വീഴ്ചകൾ ടിയാളുടെ ഭാഗത്ത് നിന്നും ഉണ്ടാകില്ലെന്നുമാണ്. ടി വിശദീകരണം വസ്തുതാപരമാണെന്ന് കണ്ട് ആയത് അംഗീകരിച്ച് ടിയാൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാനുള്ള താത്ക്കാലിക തീരുമാനം അവസാനിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 മേയ് 19-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്

**ഡോ.വിശ്വാസ് മേത്ത**

മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

RIGHT TO INFORMATION

Shi